പ്രൊഫ. സ്ക്കറിയാ സക്കറിയാ

പ്രസിദ്ധീകരണ രംഗത്ത് ഇന്നു നടക്കുന്നത് നിർലക്ഷ്യപ്രേരമായ കുത്താട്ടമാണ്. പ്രചുരപ്രചാരം നേടാനുള്ള വ്യഗ്രതയിൽ സെക്സും ക്രൈമും കുത്തിനിറച്ചു പൊതുസമൂഹത്തിലിറങ്ങി ദുർഗന്ധം വമിച്ച് ശകാരം ഏറ്റുവാങ്ങുന്നവ..... സാമാന്യം ബുദ്ധിയുള്ളവരുടെ ചുണ്ടിൽ പരിഹാസച്ചിരിയുണർത്തുന്ന ഭക്ത്യാഭ്യാസങ്ങളുടേയും അത്ഭുതകഥകളുടേയും പ്രചരണവേദികളായി വർത്തിക്കുന്ന മൃതപ്രായങ്ങളായവ.....

സത്യമാണ് പക്ഷേ....

സഭാ പ്രസിദ്ധീകരണങ്ങളും അല്മായരും എന്ന ശീർഷകത്തിൽ ഏ. വി. ജെയിംസ് എഴുതിയ ലേഖനത്തിലെ ചിന്തോദ്ദീപകങ്ങളായ ആശയങ്ങളും സൂഷ്ടിച്ച പ്രതികരണങ്ങളും ഇവിടെ രേഖപ്പെടുത്തട്ടെ.

കേരളത്തിൽ ഏറ്റവും കൂടുതൽ അച്ചടിശാലകളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുള്ള മതവിഭാഗം കത്തോലിക്കരാണ്. അമ്പതോളം പ്രസിദ്ധീകരണങ്ങളും നമുക്കുണ്ട്. അവയിൽ പത്രങ്ങളും, വാർത്താബുള്ളറ്റിനുകളും, വാരികകളും, മാസികകളും, ത്രൈമാസികങ്ങളും എന്നിവ ഉൾപ്പെടും. ചുരുക്കം ചില മാസികകളും ബൈബിൾ പഠനം, ദൈവശാസ്ത്രം, പൗരസ്ത്യസഭാവിജ്ഞാനീയം തുടങ്ങിയവയ്ക്കു നീക്കിവയ്ക്കപ്പെട്ടവയാണ്. ഈ പ്രസിദ്ധീകരണങ്ങളും വാർത്താബുള്ളറ്റിനുകളും ഒഴിച്ചു നിർത്തിക്കൊണ്ട് ഓരോ പ്രസിദ്ധീകരണവും എന്തിനുവേണ്ടി നിലകൊള്ളുന്നു എന്ന് അന്വേഷിക്കൂ! വായനക്കാർക്കു ഉത്തരം പറയാൻ കഴിഞ്ഞില്ലെങ്കിലും പ്രസാധകർ ഉത്തരം പറയേണ്ടതാണ്. 'നമുക്കും വേണം ഒരു പ്രസിദ്ധീകരണം' എന്ന മനോഭാവത്തിനപ്പുറം സുനിയതമായ ലക്ഷ്യമുള്ള എത്ര കത്തോലിക്ക പ്രസിദ്ധീകരണങ്ങളുണ്ട്? ലക്ഷ്യമുണ്ടെന്നു അവകാശപ്പെട്ടാൽ പോരാ, മുൻലക്ഷങ്ങൾ മുൻനിർത്തി ഈ അവകാശവാദം സ്ഥാപിക്കയും വേണം. ഇത്തരമൊരു ആത്മപരിശോധനയ്ക്കും, വസ്തുനിഷ്ഠമായ പഠനത്തിനും, നമ്മുടെ പ്രസിദ്ധീകരണങ്ങളും തയ്യാറായിരുന്നെങ്കിൽ!

പ്രായോഗികമായി ഇന്നു നടക്കുന്നതു നിർലക്ഷ്യമായ കുത്താട്ടമാണ്. പ്രചുരപ്രചാരം നേടാനുള്ള കാടൻ വ്യഗ്രതയിൽ സെക്സും ക്രൈമും കുത്തിനിറച്ചു പൊതുസമൂഹത്തിലിറങ്ങി ദുർഗ്ഗന്ധം വമിച്ചു സാംസ്കാരിക നായകന്മാരുടെ ശകാരം ഏറ്റു വാങ്ങുന്ന കത്തോലിക്ക വാരികകളും മാസികകളുമുണ്ട്. മറുവശത്തു്, സാമാന്യബുദ്ധിയുള്ളവരുടെ ചുണ്ടിൽ പരിഹാസച്ചിരി ഉണർത്തുന്ന ഭക്ത്യാഭ്യാസങ്ങളുടെയും അത്ഭുത കഥകളുടെയും പ്രചരണ വേദികളായി വർത്തിക്കുന്ന മൃതപ്രായങ്ങളായ മാസികകളും. ഇവ വായനക്കാരനെ മാനസികമായി ദുഷിപ്പിക്കുന്നു; അല്ലെങ്കിൽ അയാളെ സ്പർശിക്കുന്നതേ ഇല്ല. ഒരു പുണ്യകൃത്യം എന്ന നിലയിൽ വരിസംഖ്യ കൊടുത്തു കത്തോലിക്ക പ്രസിദ്ധീകരണം വരുത്തുന്നവരിൽ ഗണ്യമായ ഒരു വിഭാഗം അവ റാപ്പർ പൊട്ടിച്ചു തുറന്നു നോക്കാറേ ഇല്ല എന്ന കാര്യം ആർക്കാണ് അറിഞ്ഞുകൂടാത്തതു്.

യഥാർത്ഥത്തിൽ ക്രൈസ്തവ ആനുകാലികങ്ങളും ക്രിസ്തുസന്ദേശവും 'കാലത്തിന്റെ അടയാളങ്ങളും' തമ്മിൽ ഏറ്റുമുട്ടുമ്പോഴുണ്ടാകുന്ന നവദർശനത്താൽ പ്രഭാപൂരിതങ്ങളാകേണ്ടവയാണ്. അതേ ക്രിസ്തുസന്ദേശം ഇന്നു് ഇന്നിന്റെ പ്രശ്നങ്ങളോടു എങ്ങനെ പ്രതികരിക്കുന്നു എന്നു ലോകത്തെ അറിയിക്കാനാണ് ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും? അപ്പോഴും, അതു പ്രേക്ഷിത പ്രവർത്തനമാകും. ഇവിടെയാണ് നമ്മുടെ പരാജയം. നമ്മുടെ പത്രങ്ങളും മാസികകളും നോക്കൂ! അവയിൽ ക്രൈസ്തവ മൂല്യനിഷ്ഠമായ പ്രതികരണത്തിന്റെ അനുരണനങ്ങളുണ്ടോ? നമുക്കു് ഇഷ്ടപ്പെടാത്തതിന്റെ നേരേയെല്ലാം മുഖം വീർപ്പിച്ചിരിക്കാനല്ലാതെ, മൗനം ഭജിക്കാനല്ലാതെ, തൻറേടത്തോടെ പ്രതികരിക്കാൻ കഴിയാത്തതാണ് നമ്മുടെ ദൗർബല്യം. സത്യത്തെ നാം ഭയപ്പെടുന്നു എന്ന പ്രതീതിയാണ് നമ്മുടെ പ്രസിദ്ധീകരണങ്ങളും ഉളവാക്കിയിരിക്കുന്നതു്.

പത്രാധിപന്മാരുണ്ടാകണം

ക്ഷോഭിക്കരുതു്. 'സത്യം നമ്മെ സ്വതന്ത്രരാക്കും' എന്നാണല്ലോ ചൊല്ലു്. നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ തലപ്പത്തിരിക്കുന്നവരിൽ എത്ര പേർക്കു് ആ സ്ഥാനത്തിന്നടുത്ത ചുമതലകളും നിർവഹിക്കാൻ പ്രാപ്തിയും സന്മനസ്സുമുണ്ടു്. ഒരു ക്രൈസ്തവ പത്രാധിപർക്കു് സ്വന്തം നാടിന്റെ വർത്തമാനകാല സാമൂഹ്യ ധാരകളുമായി ഉറ്റ ബന്ധമുണ്ടായിരിക്കണം. അയാൾ എല്ലാ പ്രസിദ്ധീകരണങ്ങളും വായിക്കണം. സ്വന്തം പ്രസിദ്ധീകരണം, സൂക്ഷ്മം പഠിക്കണം. പുസ്തകങ്ങൾ വായിക്കണം. തുറന്ന മനസ്സോടെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേട്ടു് വസ്തുനിഷ്ഠവും മൂല്യനിഷ്ഠവുമായ നിഗമനങ്ങൾ കൈക്കൊള്ളണം. ഇതിനു പ്രാപ്തിയും തയ്യാറുമുള്ള എത്ര പത്രാധിപന്മാർ നമുക്കുണ്ടു്? കത്തോലിക്ക എഡിറ്റർമാരിൽ ബഹുഭൂരിപക്ഷവും വിദേശത്തുനിന്നു ഇറക്കുമതി ചെയ്യപ്പെട്ട ബുദ്ധിയും അസഹ്യമായ താൻപോരിമ ബോധവും അഹന്തയും പൊങ്ങച്ചവും മാത്രം കൈമുതലായുള്ളവരാണ്. സ്തുതിപാഠകരാണ് അവരുടെ ഉപദേഷ്ടാക്കൾ. 'ഞങ്ങൾക്കും പണമുണ്ടു്. ഇഷ്ടമുള്ളതു അച്ചടിച്ചിറക്കും. നിങ്ങൾ വാങ്ങിയില്ലെങ്കിലും എനിക്കു ചോദ്യമുടങ്ങില്ല' എന്ന അഹന്തയാണ് ഇവരിൽ പലരെയും ഭരിക്കുന്നതു്. തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് കത്തെഴുതിയാൽ, മറുപടി എഴുതാനുള്ള സൗമനസ്യം പോലും ഇല്ലാത്തവരാണ് ഇവരിൽ പലരും. പരസ്യമായി വിമർശിച്ചാലോ, മുഖം വീർപ്പിച്ചിരിക്കും. എന്നാൽ മലയാള പത്രപ്രവർത്തനരംഗത്തെ തലയെടുപ്പുള്ള ചില പ്രസിദ്ധീകരണക്കാർ ഇത്തരം ഘട്ടങ്ങളിൽ പ്രകടിപ്പിക്കുന്ന സഹിഷ്ണുതയും കൃതജ്ഞതാ മനോഭാവവും ഇക്കൂട്ടർ കച്ചവടത്തിന്റെ പ്രസിദ്ധീകരണങ്ങളുടെ തലപ്പത്തിരിക്കുന്നവരിൽ എത്ര പേർക്കു് ആ സ്ഥാനത്തിന്നടുത്ത ചുമതലകളും നിർവഹിക്കാൻ പ്രാപ്തിയും സന്മനസ്സുമുണ്ടു്. ഒരു ക്രൈസ്തവ പത്രാധിപർക്കു് സ്വന്തം നാടിന്റെ വർത്തമാനകാല സാമൂഹ്യ ധാരകളുമായി ഉറ്റ ബന്ധമുണ്ടായിരിക്കണം. അയാൾ എല്ലാ പ്രസിദ്ധീകരണങ്ങളും വായിക്കണം. സ്വന്തം പ്രസിദ്ധീകരണം, സൂക്ഷ്മം പഠിക്കണം. പുസ്തകങ്ങൾ വായിക്കണം. തുറന്ന മനസ്സോടെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേട്ടു് വസ്തുനിഷ്ഠവും മൂല്യനിഷ്ഠവുമായ നിഗമനങ്ങൾ കൈക്കൊള്ളണം. ഇതിനു പ്രാപ്തിയും തയ്യാറുമുള്ള എത്ര പത്രാധിപന്മാർ നമുക്കുണ്ടു്? കത്തോലിക്ക എഡിറ്റർമാരിൽ ബഹുഭൂരിപക്ഷവും വിദേശത്തുനിന്നു ഇറക്കുമതി ചെയ്യപ്പെട്ട ബുദ്ധിയും അസഹ്യമായ താൻപോരിമ ബോധവും അഹന്തയും പൊങ്ങച്ചവും മാത്രം കൈമുതലായുള്ളവരാണ്. സ്തുതിപാഠകരാണ് അവരുടെ ഉപദേഷ്ടാക്കൾ. 'ഞങ്ങൾക്കും പണമുണ്ടു്. ഇഷ്ടമുള്ളതു അച്ചടിച്ചിറക്കും. നിങ്ങൾ വാങ്ങിയില്ലെങ്കിലും എനിക്കു ചോദ്യമുടങ്ങില്ല' എന്ന അഹന്തയാണ് ഇവരിൽ പലരെയും ഭരിക്കുന്നതു്. തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് കത്തെഴുതിയാൽ, മറുപടി എഴുതാനുള്ള സൗമനസ്യം പോലും ഇല്ലാത്തവരാണ് ഇവരിൽ പലരും. പരസ്യമായി വിമർശിച്ചാലോ, മുഖം വീർപ്പിച്ചിരിക്കും. എന്നാൽ മലയാള പത്രപ്രവർത്തനരംഗത്തെ തലയെടുപ്പുള്ള ചില പ്രസിദ്ധീകരണക്കാർ ഇത്തരം ഘട്ടങ്ങളിൽ പ്രകടിപ്പിക്കുന്ന സഹിഷ്ണുതയും കൃതജ്ഞതാ മനോഭാവവും ഇക്കൂട്ടർ കച്ചവടത്തിന്റെ

.....ഇവ വായനക്കാരെ മാനസികമായി ദുഷിപ്പിക്കുന്നു, അല്ലെങ്കിൽ അവരെ സ്പർശിക്കുന്നതേയില്ല. ഒരു പുണ്യകൃത്യം എന്ന നിലയിൽ വരിസംഖ്യ കൊടുത്തു കത്തോലിക്ക പ്രസിദ്ധീകരണം വരുത്തുന്നവരിൽ ഗണ്യമായ ഒരു വിഭാഗം റാപ്പർ പൊട്ടിച്ചു അവ തുറന്നു നോക്കാറേയില്ല എന്ന കാര്യം ആർക്കാണ് അറിഞ്ഞുകൂടാത്തത്. ഇതാണോ പത്രപ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്?

വിദേശത്തു നിന്നു ഇറക്കുമതി ചെയ്യപ്പെട്ട ബുദ്ധിയും അസഹ്യമായ താൻപോരിമാബോധവും അഹന്തയും പൊങ്ങച്ചവും മാത്രം കൈമുതലായുള്ളവരാണ് നമ്മുടെ പത്രാധിപൻമാർ. സ്തുതിപാഠകരാണ് അവരുടെ ഉപദേഷ്ടാക്കൾ. ''ഞങ്ങൾക്ക് പണമുണ്ടു് ഇഷ്ടമുള്ളതു് അച്ചടിച്ചിറക്കും. നിങ്ങൾ വാങ്ങിയില്ലെങ്കിലും എനിക്കു ചോറു മുടങ്ങില്ല'' എന്ന അഹന്തയാണ് ഇവരിൽ പലരെയും ഭരിക്കുന്നതു്.

തന്ത്രമായി വ്യാഖ്യാനിച്ച തള്ളിക്കളയും. വിമർശനത്തോടുള്ള സഹിഷ്ണത, അതു നമ്മുടെ പത്രാധിപന്മാർക്കു് ഏറെ അപരിചിതമാണു്.

നമ്മുടെ പ്രസിദ്ധീകരണങ്ങളും സാഹിത്യ പ്രതിഭകളെയും സാംസ്കാരിക പ്രവർത്തകരെയും വളർത്തുന്നില്ല എന്ന പരക്കെ പരാതിയുണ്ടല്ലോ. എന്റെ അറിവിൽ കത്തോലിക്ക സമുദായത്തിൽ ഉള്ളത്ര 'എഴുത്തുകാർ' മറ്റൊരു സമുദായത്തിലുമില്ല. നമ്മുടെ പ്രസിദ്ധീകരണങ്ങളിലൂടെ എത്രയെത്ര നോവലുകളും ചെറുകഥകളും കവിതകളും ലേഖനങ്ങളുമാണു് വെളിച്ചം കാണുന്നതു്. അവയിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരുടെ രചനകളുമാണു്. നമ്മുടെ സമുദായത്തിൽ കൂട്ടക്ഷരങ്ങളും നിശ്ചയമുള്ള ആർക്കും എന്തും എഴുതി പ്രസിദ്ധീകരിക്കാൻ ഇന്നു പ്രയാസമില്ല. 'കത്തോലിക്ക സാഹിത്യകാരൻ' ആകുന്നതുപോലെ എളുപ്പമായ മറ്റൊരു കാര്യമില്ല. പിന്നെ എവിടെയാണു് തകരാറു്?

സത്യം പറഞ്ഞാൽ അവസരപ്പെരുപ്പമാണു് നമ്മുടെ സമുദായത്തിന്റെ സാഹിത്യപുരോഗതിക്കു മുഖ്യ പ്രതിബന്ധം. മതു് സരിച്ചു മുന്നേറേണ്ട ആവശ്യമില്ല; ആർക്കും എന്തും എങ്ങനെയും എഴുതി 'കത്തോലിക്ക സാഹിത്യകാരനാകാം. വളക്കൂറിയിൽ മുറിത്തുഴച്ചു വളർന്നിട്ട പെട്ടെന്നു കുനാമ്പിട്ടു മുരടിച്ചു പോകുന്ന കാളിവാഴകളോടാണു് ഇക്കൂട്ടരെ ഉപമിക്കേണ്ടതു്. ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ അരങ്ങു തകർക്കുന്ന 'സാഹിത്യകാരൻമാർ' പൊതുമാസികകളിലേക്കു കൃതികളും അയക്കുമ്പോൾ അവ ചവറുകൊട്ടയിൽ സ്ഥാനം നേടുന്നു. ഉടനെ അമർഷമായി, പരിഭവമായി, മുറവിളിയായി: 'ഇതു വർഗ്ഗീയതയാണു്; ക്രിസ്ത്യാനികളും അവഗണിക്കപ്പെടുന്നു.' ഇവരിൽ ജനപ്രീതിയുള്ള കഥകളും എഴുതുന്നവർക്കു് ജനപ്രീതിമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പൊതുമാസികകളിൽ താവളമടിക്കാം. അത്തരം ഭാഗ്യവാൻമാർ നമ്മുടെ സമുദായത്തിൽ കുറവല്ലല്ലോ. സാമ്പത്തികനേട്ടം പരിഗണിച്ചാൽ, ഇവർ മലയാളത്തിലെ ഏറ്റവും മികച്ച സാഹിത്യകാരൻമാരെക്കാളും മുന്തിയവരാണു്. പക്ഷേ ഇക്കൂട്ടരും സംതൃപ്തരല്ല. പണം മാത്രം പോരാ, പദവിയും അംഗീകാരവും വേണം. 'എനിക്കു അക്കാദമി അവാർഡും വയലാർ അവാർഡും ജ്ഞാനപീഠം അവാർഡും നിഷേധിക്കപ്പെട്ടതു്, ഞാൻ ക്രിസ്ത്യാനിയായതുകൊണ്ടാണു്''—അമർഷം അണപൊട്ടിയൊഴുകുന്നു. ജനപ്രീതിയും പ്രചുരപ്രചാരവുമാണു് സാഹിത്യമേന്മയുടെ അളവുകോലെങ്കിൽ അവാർഡുകളും നൽകേണ്ടതു എഞ്ചുവടിപോലുള്ള പുസ്തകങ്ങൾക്കാണു് എന്ന കാര്യം അവർ സൗകര്യപൂർവം വിസ്മരിക്കുന്നു. 'സഭയും സമുദായവും പോലും എന്നെ മാനിക്കുന്നില്ല' എന്ന പരിവേവും ഇക്കൂട്ടരുടെ ചുണ്ടിൽനിന്നു് ഒഴിയുകയില്ല. തന്റെ ശക്തി ദൗർബല്യങ്ങളും വിലയിരുത്താനും തിരുത്തലുകളും വരുത്തി മുന്നോട്ടുപോകാനും കഴിയാത്തവണ്ണം ഇവരുടെ അഹന്തയെ ഇത്രത്തോളം വളർത്തിയതു് ആരാണു്? ക്ഷമിക്കൂ, പറയട്ടെ: കത്തോലിക്ക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാർ! സാഹിത്യഗന്ധമോ ഭാഷാപരിജ്ഞാനമോ ഇല്ലാത്ത കത്തോലിക്ക പത്രാധിപന്മാർ പ്രോത്സാഹനത്തിനു നൽകിയിരിക്കുന്ന നിർവചനം 'എഴുതിത്തരുന്നതെന്തും പ്രസിദ്ധീകരിക്കുക' എന്നാണു്. നമ്മുടെ പത്രാധിപന്മാർ അമിത പ്രോത്സാഹനംകൊണ്ടു യുവപ്രതിഭകളെ മുരടിപ്പിച്ചു കളഞ്ഞിട്ടുള്ളതല്ലാതെ അവരെ തിരുത്തി വളർത്തിയിട്ടില്ല. തിരുത്തുകയോ? അതു് പത്രാധിപന്മാർക്കു് എങ്ങനെ കഴിയും? അവർക്കു് ഇതെല്ലാം വായിച്ചാൽ മനസ്സിലാകുമോ? തിരുത്താൻ പ്രാപ്തിയുണ്ടോ? നല്ലതും ചീത്തയും രുചിച്ചറിയാനുള്ള സഹൃദയത്വമെങ്കിലും ഇവരിൽ പലർക്കുമുണ്ടോ? അപ്പോഴും അതാണു് പോരായ്മ, തരക്കേടു്. പ്രഗല്ഭനായ ഒരു പത്രാധിപർക്കേ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും തിരുത്തി വളർത്താനും സാധിക്കൂ. എൻ. വി. കൃഷ്ണവാരിയർക്കു് അതിനു കഴിഞ്ഞു. അദ്ദേഹത്തിൽ നിന്നു തിരുത്തലുകളും സ്വീകരിച്ച എത്രയെത്ര പ്രതിഭാശാലികളാണു് ഇന്നു സാഹിത്യരംഗത്തു ഉജ്ജ്വലിക്കുന്നതു എന്നു നോക്കിക്കാണുക.

പുതിയ പ്രസിദ്ധീകരണങ്ങൾ വേണ്ട, ഉള്ളവ നന്നാക്കിയാൽ മതി

പുതിയ പ്രസിദ്ധീകരണങ്ങളും സമാരംഭിച്ചുകൊണ്ടല്ല ഉള്ളവ നന്നാക്കിയെടുത്താണു് ഈ പ്രതിസന്ധിയെ നേരിടേണ്ടതു്. കേരള കത്തോലിക്കസഭയിൽ ഇന്നു പൊതുസ്വത്തും വിഭവശേഷിയും റോമൻ സമ്പ്രദായത്തിലാണു് വിന്യസിക്കപ്പെട്ടിരിക്കുന്നതു്. പതിനാറാം നൂറ്റാണ്ടിനു മുമ്പു ഇതായിരുന്നില്ല നില. എന്നും ഈ വ്യവസ്ഥതി നിലനില്ക്കയുമില്ല. കാരണം, അസന്തുലിതവും അനീതിപരവുമായ ഒരു വ്യവസ്ഥയ്ക്കും നീണാൾ നിലനിൽക്കാനാവില്ല എന്ന ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പക്ഷേ, അതുവരെ കാത്തിരിക്കാതെ ഇപ്പോഴും എന്തു ചെയ്യാൻ കഴിയും എന്നാണു ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടതു്. ഓരോ കത്തോലിക്ക പ്രസിദ്ധീകരണവും ആദ്യം കണ്ടെത്തേണ്ടതു തങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങളാണു്. ഇതു കഴിഞ്ഞാൽ സ്വതന്ത്രവും നിർഭയവുമായ ആത്മവിമർശനത്തിനു വഴിയൊരുക്കണം. വായനക്കാരുടെയും സാഹിത്യ സാംസ്കാരിക പ്രവർത്തകരുടെയും സഹായത്തോടെ നടത്തുന്ന വിലയിരുത്തൽ കഴിഞ്ഞാൽ, ഭാവി പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാം. അനസ്യൂതി നഷ്ടപ്പെടാതെ ഈ നയപരിപാടി മുന്നോട്ടു കൊണ്ടുപോകാൻ ഉടമകളും തയ്യാറാകുകയും വേണം. വിഭവശേഷിയാണു് അടുത്ത പ്രശ്നം. സാമ്പത്തികശേഷി നമ്മുടെ പ്രസിദ്ധീകരണ ഉടമകൾക്കു് ഒട്ടും കുറവല്ല. പിന്നെ ഉണ്ടാകേണ്ടതു മനുഷ്യവിഭവമാണു്. അല്പം ഖേദത്തോടെ പറയട്ടെ, ഈ വിഭവം നാം സംസ്കരിച്ചെടുക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള സഭാസംവിധാനം നമ്മുടെ പ്രസിദ്ധീകരണാലയങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നതു അനാരോഗ്യകരമായ അന്തരീക്ഷമാണു്. യജമാനദാസ ബന്ധമാണു് അവിടെ നിലനിൽക്കുന്നതു്. ഈ അന്തരീക്ഷത്തിൽ പ്രതിഭയും അന്തസ്സും അഭിമാനവും ചിന്താശക്തിയുമുള്ള ആർക്കും ജോലി ചെയ്യാനാവില്ല. ഇവിടെ അടിമപ്പണി ചെയ്യാൻ നട്ടെല്ലില്ലാത്തവർക്കും മറ്റു ഉപജീവനമാർഗ്ഗമൊന്നും ലഭിക്കാത്തവർക്കും മാത്രമേ സാധിക്കൂ.

ശേഷം 31—ാം പേജിൽ

''എനിക്കു അക്കാദമി അവാർഡും ജ്ഞാനപീഠം അവാർഡും നിഷേധിക്കപ്പെടുന്നതു ഞാൻ ക്രിസ്ത്യാനിയായതുകൊണ്ടാണ്''—അമർഷം അണപൊട്ടിയൊഴുകുന്നു. ജനപ്രീതിയും പ്രചുരപ്രചാരവുമാണ് സാഹിത്യമേന്മയുടെ അളവുകോലെങ്കിൽ അവാർഡുകൾ നൽകേണ്ടതു എഞ്ചുവടിപോലുള്ള പുസ്തകങ്ങൾക്കാണ്.....

സാഹിത്യ ഗന്ധമോ ഭാഷാപരിജ്ഞാനമോ ഇല്ലാത്ത കത്തോലിക്ക പത്രാധിപന്മാർ പ്രോത്സാഹനത്തിനു നൽകിയിരിക്കുന്ന നിർവ്വചനം എഴുതിത്തരുന്നതെന്തും പ്രസിദ്ധീകരിക്കുക എന്നാണ്. നമ്മുടെ പത്രാധിപന്മാർ അമിത പ്രോത്സാഹനം കൊണ്ട് യുവപ്രതിഭകളെ മുരടിപ്പിച്ചു കളഞ്ഞിട്ടുള്ളതല്ലാതെ അവരെ തിരുത്തി വളർത്തിയിട്ടില്ല.....പ്രഗത്ഭനായ ഒരു പത്രാധിപർക്കേ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും തിരുത്തി വളർത്താനും സാധിക്കൂ.....

സ്വതന്ത്രമായ വിമർശനത്തിലൂടെയും ചർച്ചയിലൂടെയും മാത്രമേ ഒരു പ്രസിദ്ധീകരണത്തിനു വളർച്ച നേടാൻ കഴിയൂ. ഈ സത്യം ഇന്നും നാം പഠിച്ചിട്ടില്ല. വിമർശിക്കുന്നവനെ ശത്രുവായി മുദ്രകുത്താനാണ് നമുക്കു ശീലം. 'തിരുവായ്ക്ക് എതിർവായില്ല' എന്ന ദാസ്യഭാവമാണ് അച്ചടക്കം, അനുസരണ എന്നീ ലേബലുകളിൽ നാം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നതു്. 'കല്പിക്കാം അനുസരിച്ചോളൂ' എന്ന മനോഭാവം യഥാർത്ഥ ക്രൈസ്തവ ദർശനത്തിനും രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയ സഭാദർശനത്തിനും കേരള സഭയുടെ ധന്യമായ പാരമ്പര്യത്തിനും നമ്മുടെ മാതൃരാജ്യത്തിലെ സാംസ്കാരികാന്തരീക്ഷത്തിനും നിരക്കാത്തതാണ് എന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ. കൂട്ടായ്മ എന്ന ക്രൈസ്തവ സാമൂഹ്യസങ്കല്പത്തിൽ നിന്നു നാം അകന്നിരിക്കുന്നിടത്തോളം കാലം മറെറന്തെല്ലാം കേന്ത്യോസങ്ങൾ പ്രചരിപ്പിച്ചാലും ക്രിസ്തീയത നമ്മിൽ വസിക്കില്ല. ഈ കൂട്ടായ്മയാണ് ഇന്നു് ഇല്ലാത്തതു്. ക്രൈസ്തവസ്നേഹത്താൽ പ്രേരിതരായി ക്രാന്തദർശിത്വത്തോടെ പ്രസിദ്ധീകരണരംഗം സജീവമാക്കാൻ ആഗ്രഹിക്കുന്നവർ സ്വന്തം സ്ഥാപനങ്ങളിൽ ഈ കൂട്ടായ്മ വളർത്തിയെടുക്കണം. യജമാനദാസബന്ധത്തിന്റെ സ്ഥാനത്തു സാഹോദര്യം പ്രതിഷ്ഠിക്കുക. അല്മായൻ, വൈദികൻ, കന്യാസ്ത്രീ എന്നുള്ള വിഭാഗീയ പരിഗണന കൂടാതെ, ഓരോ ചുമതലയും ഏറെറം ഭംഗിയായി നിർവഹിക്കാൻ പ്രാപ്തിയുള്ളവർക്കു ഏല്പിച്ചു കൊടുക്കുക. കൂട്ടായ ചർച്ചയിലൂടെ എല്ലാ പൊതു തീരുമാനങ്ങളും കൈക്കൊള്ളുക. ഇതുമൂലമായാൽ തന്നെ വമ്പിച്ച മാറെറം സംഭവിക്കും. ക്രൈസ്തവ പകുതി നേടിയെടുത്താലേ, ക്രൈസ്തവ പ്രസിദ്ധീകരണം കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകാനാവൂ എന്ന ബോധ്യത്തിലാണ് ഇതുയും കാര്യങ്ങളും എഴുതിയതു്. സുപ്രധാനമായ ഒരു ചോദ്യം ഇവിടെ ഉന്നയിക്കപ്പെടാം. ക്രൈസ്തവ പകുതി പ്രാപിച്ച എത്ര അല്മായർ നമ്മുടെ സമുദായത്തിലുണ്ടു്? വിനയപൂർവം തലകുനിച്ചു ഞാൻ സമ്മതിക്കുന്നു: ക്രൈസ്തവ പകുതി നേടിയ അല്മായർ നമ്മുടെ സമുദായത്തിൽ വിരളമാണു്, വിശിഷ്യ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ. അധികാരികളും പറയുന്നതെന്തും കണ്ണുമടച്ചു് അനുസരിക്കുന്ന 'ഭക്തനാ'ന്മാർക്കു് ക്ഷാമമില്ല. മതപരവും ധാർമ്മികവുമായ കാര്യങ്ങളിൽ തങ്ങളുടെ ബുദ്ധിക്കും വിവേകത്തിനും മനസ്സാക്ഷിക്കും ഒരു പ്രസക്തിയുമില്ലെന്നും അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരാണ് തങ്ങളെന്നുമുള്ള നിരുത്തരവാദിത്വപരമായ ധാരണയിലാണ് നമ്മുടെ അല്മായ പ്രമുഖർ പോലും. പള്ളിയിൽ പ്രവേശിക്കുമ്പോൾ ചെരുപ്പിനോടൊപ്പം ബുദ്ധിയും വിവേകവും പുറത്തുവച്ചേക്കണം എന്നാണ് നമ്മിൽ പലരും ധരിച്ചിരിക്കുന്നതു്. ഇതാണോ ക്രൈസ്തവ ധാർമ്മികത? വിശുദ്ധഗ്രന്ഥവും സഭയുടെ ഔദ്യോഗിക പ്രമാണരേഖകളും നൽകുന്ന വെളിച്ചത്തിൽ സ്വജീവിതാനുഭവങ്ങളെ പരിശോധിച്ചു് തനിമയാർന്ന ഒരു ക്രൈസ്തവ ജീവിതദർശനം കണ്ടെത്തുക, ആ ദർശനം മുൻനിർത്തി സുരക്ഷിതമായ സ്വന്തം മനസ്സാക്ഷിയിൽ തീരുമാനങ്ങളെടുക്കുക, ദൈവത്തിൽ ആശ്രയിച്ചു ആ തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുക—ഇതല്ലേ പക്വമായ ക്രൈസ്തവ ധാർമ്മികത? ഉത്തരവാദിത്വമേറിയതും വേദനാനിർഭരവുമായ ഈ ദൗത്യം ഏറെറടുക്കാൻ അല്മായരിൽ ഒരു വിഭാഗമെങ്കിലും തയ്യാറായാലേ സഭയേയും സമുദായത്തെയും ഇന്നത്തെ പ്രതിസന്ധിയിൽനിന്നു രക്ഷിക്കാനാവൂ. ഇത്തരം അല്മായരുടെ എണ്ണം എത്രയോ വിരളമാണ് എന്നു മനസ്സിലാക്കാൻ ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാം. സഭയേയും സമുദായത്തെയും സംബന്ധിക്കുന്ന കാര്യങ്ങളെക്കുറിച്ചു സഭാധികാരികളുടെ സാന്നിധ്യത്തിൽ നടക്കുന്ന ചർച്ചകളും ശ്രദ്ധിക്കുക. പുറത്തു് സഭാധികാരികളെ നഖശിഖാന്തം വിമർശിക്കുന്നവർ, ചർച്ച തുടങ്ങുമ്പോൾ കബാത്തു മറക്കുന്നു. തങ്ങളും എന്തു പറയണമെന്നാണ് അധികാരികളും ആഗ്രഹിക്കുന്നതെന്നു സൂക്ഷ്മമായി നിരീക്ഷിച്ചറിഞ്ഞു അതിനനുസരിച്ചു അഭിപ്രായപ്രകടനം നടത്തി ചിലർ 'നേതാക്കന്മാ'രാകുന്നു. 'മൗനം വിദ്വാനു ഭൂഷണം' എന്ന നിലപാടാണ് ബഹുഭൂരിപക്ഷം പേരും അവലംബിക്കുക. ഈ ദാസ്യഭാവത്തെ സമുദായസ്നേഹം, അനുസരണ എന്നീ ഓമനപ്പേരുകളിൽ ചില ശ്രദ്ധാത്മാക്കളും വാഴ്ത്താറുണ്ടു്. ഇതു പുണ്യമല്ല, കടുത്ത സ്വാർത്ഥതയാണ്. അധികാരികളുടെ ആത്മീയ ശക്തിയെയല്ല, ഭൗതികാധികാരത്തെയാണ് ഇക്കൂട്ടർ ഭയപ്പെടുന്നതു്. വേദനയിലൂടെ മാത്രമേ സത്യത്തിനു സാക്ഷികളാകാൻ കഴിയൂ എന്ന കുരിശിന്റെ സന്ദേശം നാം മറന്നിരിക്കുന്നു. 'പള്ളിയും പട്ടക്കാരനും സമുദായവും എവിടെയെങ്കിലും പോയി തുലയട്ടെ; എനിക്കു് അധികാരപ്രീതി വേണം' എന്ന മനോഭാവമാണ് ഇവിടെ പ്രകടമാകുക. യേശുവിന്റെ ജീവിതവും ആദിമസഭയുടെ മാതൃകയും ഇത്തരുണത്തിൽ നാം അനുസ്മരിക്കണം. യഹൂദസമുദായത്തിലെ വിലക്ഷണകാംക്ഷത്തിനെതിരെ ആ സമുദായത്തിലെ അംഗമായ യേശു പരസ്യമായും നിർഭയമായും സംസാരിച്ചു, പ്രവർത്തിച്ചു. പെരുവഴിയരൻ, മദ്യപൻ, പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിതൻ എന്നീ ബിരുദങ്ങളും കുരിശുമരണവും യേശുവിന്റെമേൽ കെട്ടിവയ്ക്കപ്പെട്ടു. സത്യത്തിനുവേണ്ടിയുള്ള തന്റെ പോരാട്ടം യഹൂദസമുദായത്തിൽ പിളർപ്പുണ്ടാക്കും എന്ന കാര്യവും യേശു തുറന്നടിച്ചു പറഞ്ഞു. തന്റെ സന്ദേശത്തെ വാളിനോടും തീയോടും ഉപമിക്കാൻ അവൻ മടിച്ചില്ല. അപ്പസ്തോല സംഘത്തിന്റെ തലവനായ പത്രോസിനെ, വിജാതീയരോടുള്ള ഇരട്ടത്താപ്പുനയത്തിന്റെ പേരിൽ മുഖത്തു നോക്കി കുറെപ്പെടുത്താൻ മുതിർന്ന പൗലോസിന്റെ മാതൃകയും അവിസ്മരണീയമാണ്. ഹയരാർക്കിയുടെ പ്രവർത്തനത്തിലെ വീഴ്ചകളും ചൂണ്ടിക്കാണിക്കാൻ അല്മായർക്കു ബാധ്യതയുണ്ടെന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനവും ഈ പ്രകരണത്തിൽ അനുസ്മരിക്കുക. എന്നിട്ടും സഭാവേദികളിൽ അല്മായർ പ്രകടിപ്പിക്കുന്ന ഭീരുത്വവും നിസ്സംഗതയും ദാസ്യഭാവവും പെരുകിപ്പെരുകി വരുന്നതേയുള്ളൂ. ഈ ദുരവസ്ഥയിൽനിന്നു ദൈവജനത്തെ മോചിപ്പിച്ചു അവർക്കു ആത്മവിശ്വാസവും ക്രൈസ്തവ പകുതി പ്രാപിക്കാനുള്ള അവസരവും പ്രദാനം ചെയ്യുന്നതിൽ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കു നല്ല പ


വിനയപൂർവ്വം ഞാൻ സമ്മതിക്കുന്നു! ക്രൈസ്തവ പകുത നേടിയ അത്മായർ നമ്മുടെ സമുദായത്തിൽ വിരളമാണ്, വിശിഷ്യ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ.....പള്ളിയിൽ പ്രവേശിക്കുമ്പോൾ ചെരുപ്പിനോടൊപ്പം ബുദ്ധിയും വിവേകവും പുറത്തുവച്ചേക്കണം എന്നാണ് നമ്മിൽ പലരും ധരിച്ചിരിക്കുന്നത്.....ഇതാണോ ക്രൈസ്തവ ധാർമ്മികത?

വി. ഗ്രന്ഥവും സഭയുടെ ഔദ്യോഗിക പ്രമാണരേഖകളും നൽകുന്ന വെളിച്ചത്തിൽ സ്വജീവിതാനുഭവങ്ങളെ പരിശോധിച്ച് തനിമയാർന്ന ഒരു ക്രൈസ്തവ ജീവിത ദർശനംകണ്ടെത്തുക, ആ ദർശനംമുൻനിർത്തി സുരക്ഷിതമായ സ്വന്തം മനഃസാക്ഷിയിൽ തീരുമാനങ്ങളെടുക്കുക, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ആ തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുക—ഇതല്ലേ പക്വമായ ക്രൈസ്തവധാർമ്മികത?.....സഭാവേദികളിൽ അൽമായർ പ്രകടിപ്പിക്കുന്ന ഭീരുത്വത്തിൽ നിന്നും, നിസ്സംഗതയിൽ നിന്നും ദാസ്യമനോഭാവത്തിൽ നിന്നും അവരെ മോചിപ്പിച്ച് അവർക്ക് ആത്മവിശ്വാസവും ക്രൈസ്തവ പക്വത പ്രാപിക്കാനുള്ള അവസരവും പ്രദാനം ചെയ്യുന്നതിൽ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കു നല്ല പങ്കു വഹിക്കുവാൻ കഴിയണം.....

ക്കു വഹിക്കാൻ കഴിയും. ക്രിസ്തുസന്ദേശത്തോടും സഭയുടെ സനാതനപ്രബോധനങ്ങളോടും വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ ക്രിസ്തു വിശ്വാസികൾക്ക് സഭയിൽ കാലങ്ങളിലൂടെ അടിഞ്ഞു കൂടിയ മാറാലക്കെട്ടുകൾ അടിച്ചു നീക്കാം എന്ന ശ്രോപ്തി വിശ്വാസമാണ് പ്രസിദ്ധീകരണങ്ങൾ പകർന്നു കൊടുക്കേണ്ടതു്. ദൈവമക്കളുടെ സ്വാതന്ത്ര്യവും ചലനാത്മകമായ ക്രൈസ്തവ ധാർമ്മികതയും, പരിപോഷിപ്പിച്ച ദൈവജനത്തെ പക്വതയിലേയ്ക്കു നയിക്കുക എന്നതായിരിക്കണം കത്തോലിക്ക പ്രസിദ്ധീകരണങ്ങളുടെ മൗലിക ലക്ഷ്യം.

കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ, കത്തോലിക്ക പ്രസിദ്ധീകരണരംഗത്തു ഇത്തരമൊരു മാറ്റമുണ്ടാകണമെങ്കിൽ ആദ്യത്തെ ചുവടുവയ്പുണ്ടാകേണ്ടതു മെത്രാന്മാരുടെയും സന്ന്യാസ സംഘങ്ങളുടെയും ഭാഗത്തുനിന്നാണ്. കാരണം, കത്തോലിക്ക പ്രസിദ്ധീകരണങ്ങളെല്ലാം അവരുടെ സമ്പൂർണ്ണ നിയന്ത്രണത്തിലാണ്. ഓരോ പ്രസിദ്ധീകരണത്തിന്റെയും വിഷയസ്വഭാവം കണക്കിലെടുത്ത് ഏറ്റവും പ്രഗല്ഭരായവരെ, വൈദികൻ കന്യാസ്ത്രീ അല്മായൻ എന്ന വിവേചനമില്ലാതെ, പത്രാധിപന്മാരായി നിയമിക്കുക. അങ്ങനെ നിയമിക്കപ്പെടുന്നവർക്കു സ്വതന്ത്രമായ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ബോധ്യങ്ങളും നിർഭയം നടപ്പിലാക്കാനുള്ള അന്തരീക്ഷം പ്രദാനം ചെയ്യുക. അങ്ങനെ ആയാൽ സഭയ്ക്കും സമുദായത്തിനും പ്രയോജനകരമായി പ്രവർത്തിക്കാൻ അവയ്ക്കു കഴിയും. അല്ലെങ്കിലോ, ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന എസ്റ്റാബ്ലിഷ്മെൻറിന്റെ ചരമലിഖിതങ്ങളായി അവ വിറുങ്ങലിച്ചു നിൽക്കും!

"പഴയ രക്തത്തിൽ പുതിയ ചൈതന്യം പകർന്നു മുൻപോട്ടു കുതിക്കുക നമ്മൾ"
—ജീ



പണ്ട് വസ്ത്രങ്ങൾ നഗ്നത മറയ്ക്കുവാൻ മാത്രം ഉപയോഗിച്ചിരുന്നു

ഇന്നോ.....?

വിവാഹം, തിരുനാളുകൾ, ഉത്സവങ്ങൾ എന്നീ മംഗളകർമ്മങ്ങൾ നല്ല വസ്ത്രങ്ങൾ തിരഞ്ഞെടുത്ത് മോടിയാക്കുന്നു. കല്യാണസാരികളുടെയും മറ്റെല്ലാ വസ്ത്രങ്ങളുടെയും നല്ല സെലക്ഷനുകളോടൊപ്പം വിലക്കുറവും ഞങ്ങളുടെ പ്രത്യേകതയാണ്

ചെറുപുഷ്പം ടെക്സ്റ്റയിൽസ്

മെയിൻ റോഡ്
പാലാ

ഷൺമുഖം റോഡ്
എറണാകുളം.